Prot.No.MPL : 32/20/41

# **സർക്കുലർ**

## **ഉപവാസപ്രാർത്ഥനാദിനാചരണം – മാർച്ച് 20 വെള്ളിയാഴ്ച**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

കൊറോണ രോഗം ലോകമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നിരവധി ആരോഗ്യപ്രവർത്തകരും സാമൂഹ്യപ്രവർത്തകരുമുള്ള നമ്മുടെ സമൂഹം ശുശ്രൂഷയുടെയും പ്രതിരോധത്തിന്റെയും മുൻപന്തിയിൽ തന്നെയാണ്. എല്ലാവരെയും പ്രാർത്ഥനയാൽ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്.

ഈ സാഹചര്യത്തിൽ നോമ്പുകാലത്തെ നാലാം വെള്ളിയാഴ്ചയായ മാർച്ച് ഇരുപതാം തിയതി നമ്മുടെ രൂപതയിൽ പ്രാർത്ഥനാദിനമായി ആചരിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായും കുടുംബപരമായും ഉപവാസപ്രാർത്ഥനാദിനം ഉചിതമായി ആചരിക്കുവാൻ ശ്രമിക്കുമല്ലോ. രോഗം ബാധിച്ചവരെയും രോഗത്തിന്റെ ആശങ്കയിൽ കഴിയുന്നവരെയും ആരോഗ്യപ്രവർത്തകരെയും, അധികാരികളെയും ദൈവത്തിന്റെ കരുണക്ക് സമർപ്പിക്കാം. 'നിങ്ങളുടെ ഉത്കണ്ഠകളെല്ലാം കർത്താവിനെ ഏൽപ്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്'(1 പത്രോസ് 5:7).

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

സ്നേഹത്തോടെ,

**+ ബോസ്കോ പിതാവ്** **2020 മാർച്ച് 13**

NB: ഈ സർക്കുലർ എല്ലാ ഇടവകജനങ്ങളെയും അറിയിക്കേണ്ടതാണ്.